(ഇ) ഉഭയകക്ഷി ചർച്ചകളിലൂടെ വിയോജിപ്പുള്ള സംഗതികൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

പറമ്പിക്കുളം-ആളിയാർ നദീജലക്കരാർ

66 [784] ശ്രീ. ബി. വിജയകുമാർ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. വി. ബാലറാം:
,, ജോർജ്ജ് ജെ. മാത്യു:
,, പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ നദീജലക്കരാർ പുതുക്കുന്നത് സംബന്ധിച്ച് ഈ വിഷയത്തിൽ അവഗാഹമുള്ള നിയമജ്ഞൻമാരും മറ്റുള്ളവരുമായി ആലോചിച്ചുവെങ്കിൽ അവരുടെ ഉപദേശമെന്തായിരുന്നു;

(ബി) ഇക്കാര്യത്തിൽ അന്തർ സംസ്ഥാന നദീജലപ്രശ്നം സംബന്ധിച്ച് പ്രാവീണ്യം നേടിയവരുടെ അഭിപ്രായം ആരായാത്തപക്ഷം അതിന് നടപടിയെടുക്കുമോ;

(സി) പറമ്പിക്കുളം-ആളിയാർ നദീജലക്കരാർ ലംഘനംമൂലം ദുരിതമനുഭവിക്കുന്ന പാലക്കാട്ടെ കർഷകരുടെ പ്രതിനിധികളുമായി കരാർ പുതുക്കുന്നത് സംബന്ധിച്ച് സ്വീകരിക്കേണ്ട പ്രായോഗിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തമിഴ്നാടുമായി ചർച്ച ചെയ്ത് കരാറിൽ വേണ്ട ഭേദഗതി വരുത്തുവാനായിരുന്നു മുൻ അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശം. ഈ കരാറിന്റെ കാര്യത്തിൽ സങ്കീർണ്ണമായ നിയമപ്രശ്നങ്ങളൊന്നും അടങ്ങിയിട്ടില്ല.

(ബി) വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ ഗവൺമെന്റിന് ലഭിക്കുന്നുണ്ട്.

(സി) കർഷക പ്രതിനിധികളുമായി ഇക്കാര്യത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്.

(ഡി) ഉദിക്കുന്നില്ല.

പറമ്പിക്കുളം-ആളിയാർ നദീജലക്കരാർ പുതുക്കുന്നത് സംബന്ധിച്ച് നടത്തിയ ചർച്ച

67 [785] ശ്രീ. എ. കെ. ബാലൻ:
,, വി. കെ. ചന്ദ്രൻ:
,, വി. ചെറാമരാക്ഷൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ നദീജല കരാർ പുതുക്കുന്നത് സംബന്ധിച്ച് തമിഴ്നാടുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളവും തമിഴ്നാടും സംയുക്തമായി തയ്യാറാക്കിയ രേഖയിൽ നിയമ സഭാ സമിതി ചൂണ്ടിക്കാട്ടിയ കരാർ ലംഘനങ്ങൾപോലും ഉൾപ്പെടുത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംയുക്തരേഖയിൽ കേരളത്തിന് ദോഷം ചെയ്യുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിനെ ചോദ്യം ചെയ്യാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറായില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കരാർ അവലോകന ചർച്ചയിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച സമീപനം എന്തായിരുന്നു;

(ഇ) കേരളവും തമിഴ്നാടുമായി തയ്യാറാക്കിയ സംയുക്തരേഖയുടെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പുതുക്കാൻ വ്യവസ്ഥയില്ല. എന്നാൽ മുപ്പതു വർഷത്തിലൊരിക്കൽ പുനരവലോകനം ചെയ്യുവാൻ വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് പറമ്പിക്കുളം-ആളിയാർ നദീജലക്കരാർ പുനരവലോകനം ചെയ്യുന്ന ചർച്ചകൾ 1988-ൽ തന്നെ ആരംഭിച്ചു. ഉദ്യോഗസ്ഥതല ചർച്ചകളും മന്ത്രിതല ചർച്ചകളും തമിഴ്നാടുമായി അനവധി പ്രാവശ്യം നടത്തിയിട്ടുണ്ട്.

(ബി) കേരളത്തിലെയും തമിഴ്നാട്ടിലെയും സാങ്കേതിക ഉദ്യോഗസ്ഥരടങ്ങിയ ടെക്നിക്കൽ കമ്മിറ്റി, സംയുക്തമായി തയ്യാറാക്കിയ റിപ്പോർട്ടിൽ നിയമസഭാ സമിതി ചൂണ്ടിക്കാട്ടിയ കരാർ ലംഘനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ളതല്ലാത്ത വ്യവസ്ഥകളൊന്നും പ്രസ്തുത രേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) കരാർ പുനരവലോകന ചർച്ചയിൽ കേരളത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടുള്ള ഒരു സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്.

(ഇ) കേരളത്തിലേയും തമിഴ്നാട്ടിലേയും സാങ്കേതിക ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു ടെക്നിക്കൽ കമ്മിറ്റി സംയുക്തമായി തയ്യാറാക്കിയ റിപ്പോർട്ടാണ് അവലോകന ചർച്ചയ്ക്ക് ഉപയോഗിക്കുന്നത്. അവലോകന ചർച്ച പൂർത്തിയായിട്ടില്ലാത്തതിനാൽ ചർച്ചയ്ക്ക് ഉപയോഗിക്കുന്ന റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കാൻ തല്ക്കാലം നിവൃത്തിയില്ല.

നദീജല ചൂഷണം തടയുന്നതിന് നിർദ്ദേശങ്ങൾ

68 [786] ശ്രീ. വി. ഡി. സതീശൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, എ. സുജനപാൽ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly